പത്രപാരായണൻ


# കോളയുടെ രഹസ്യങ്ങൾ

**The Real Thing; Coke's Bumpy Ride through India**
By **Nandoo Banerji**
Published by **Frontage, Year 2009**



ബിസ്ക്കറ്റ് രാജാവ് എന്നറിയപ്പെട്ടിരുന്ന രാജൻപിള്ള 1995ലാണ് പോലീസ് ലോക്കപ്പിൽ കിടന്ന് രോഗാതുരനായി മരിച്ചുപോയത്. എന്നാൽ ബോംബെയിലെ കൊക്കക്കോള ആപ്പീസ് ഇപ്പോഴും രാജൻപിള്ളയുടെ കമ്പനിയായ JMRP Co. യുടെ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന് എത്ര പേർക്കറിയാം?. 1977ൽ ഇന്ത്യയിൽ നിന്നും പുറത്താക്കപ്പെട്ട കൊക്കക്കോള 1991ൽ തിരിച്ചെത്തിയത് രാജൻ പിള്ളയുടെ കമ്പനിയും കൊക്കക്കോള സൗത്ത് ഹോൾഡിംഗും ചേർന്ന സംയുക്ത സംരംഭം മുഖേനയായിരുന്നു. 1993ൽ കമ്പനിയിലെ അറുപതു ശതമാനം ഷെയറുകൾ കൊക്കക്കോള ഭീഷണിപ്പെടുത്തി എഴുതിമേടിയ്ക്കുകയായിരുന്നുവെന്ന് 2000ൽ നീനാ പിള്ള കേസുകൊടുത്തപ്പോഴാണ് രാജൻ പിള്ളയുടെ മരണം സ്വാഭാവികം തന്നെയായിരുന്നോ എന്ന സംശയമുയരുന്നത്. നഷ്ടപരിഹാരമായി നിരുപാധിക മാപ്പും 100 കോടി രൂപയുമാണ് കൊക്കക്കോളയിൽ നിന്നും നീനാ പിള്ള ആവശ്യപ്പെട്ടത്. നീനാപിള്ളയെക്കുറിച്ച് കൊക്കക്കോളയുമായി ബന്ധപ്പെട്ട് പിന്നീട് നാം കേൾക്കുന്നത് കഴിഞ്ഞ ഫെബ്രുവരി 9-ാം തിയ്യതി ബോംബെയിൽ വെച്ചുനടന്ന പാരിസ്ഥിതിക മാരത്തോണായ "ഗ്രീനത്തോണിൽ" വച്ചായിരുന്നു. പരിസ്ഥിതിയെക്കുറിച്ച് ആകുലചിത്തരായ ബോളിവുഡിലെ കാക്കത്തൊള്ളായിരം താരാംഗണങ്ങൾക്കും കോർപ്പറേറ്റ് കുതിരകൾക്കുമൊപ്പം കൊക്കക്കോളയുമുണ്ടായിരുന്നത് തികച്ചും യാദൃശ്ചികം.

ഫ്രണ്ടേജ് പ്രസിദ്ധീകരിച്ച നന്ദൂ ബാനർജിയുടെ കൊക്കക്കോളയെക്കുറിച്ചുള്ള "ദി റിയൽ തിങ്ങ് കോക്ക്സ് ബമ്പി റൈഡ് ത്രൂ ഇന്ത്യ" എന്ന പുസ്തകത്തിൽ പറയുന്ന രണ്ടു പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നാണ് മേൽ വിവരിച്ചത്. അടുത്തത് തീർച്ചയായും ജനകീയ പ്രതിരോധത്തെ തുടർന്ന് ഉൽപ്പാദനം നിർത്തിവെയ്ക്കേണ്ടി വന്ന കോക്കിന്റെ "പ്ലാച്ചിമട" പ്ലാന്റിനെക്കുറിച്ചും. ഇതൊന്നും കൂടാതെ സുസ്മിതാ സെന്നിന്റെ ലൈംഗികാപവാദം മുതൽ സൽമാൻഖാന്റെ സ്റ്റൈലുകൾ വരെ പല സംഗതികളും എരിവും പുളിയും ചേർന്നു പുസ്തകത്തിൽ പലപ്പോഴായി വന്നുപോകുന്നുണ്ട്. എന്തായാലും നന്ദൂ ബാനർജി കോളയെക്കുറിച്ചെഴുതുമ്പോൾ അതു വായിക്കാതിരിക്കാനാവില്ല. കാരണം, കൊക്കക്കോളയിൽ പബ്ലിക്ക് റിലേഷൻസും കമ്യൂണിക്കേഷനും ചുമതലയുള്ള ഡയറക്ടറായിരുന്നു ശ്രീ. ബാനർജി, കുറേക്കാലം. കഴിഞ്ഞ മെയ് 29-ാം തിയ്യതി കൽക്കത്തയിൽ മഹാശ്വേതാദേവിയും അതുകഴിഞ്ഞ് ഡൽഹിയിൽ വന്ദനാശിവയുമാണ് പുസ്തകം പുറത്തിറക്കിയത്.



കഴിഞ്ഞ നാല്പതുവർഷത്തിലേറെയായി പത്രപ്രവർത്തനരംഗത്തുള്ള നന്ദൂ ബാനർജി ഇടക്കാലത്ത് ഡിസൈനർ ഷർട്ട് രംഗത്ത് വിഖ്യാതനായിരുന്നു. കൊക്കക്കോള ജീവിതത്തിനുശേഷം "നിർവ്വാണം" എന്നു സ്വയം വിശേഷിപ്പിക്കുന്ന ഡെറാഡൂണിലെ വനവാസത്തിനുശേഷം ഇപ്പോൾ "കോക്ക്" പുസ്തകത്തോടെയാണ് മാധ്യമരംഗത്ത് പുനരവതരിച്ചിരിക്കുന്നത് എങ്കിലും പണിയെടുത്ത കമ്പനിയുടെ ഉള്ളുകള്ളികളും പിന്നാമ്പുറ രഹസ്യങ്ങളും വെളിച്ചത്താക്കുന്നതു ശരിയാണോ എന്ന ചോദ്യത്തിന് കൊക്കക്കോളയും പുസ്തകത്തിന്റെ ഒരുപാട് കോപ്പികൾ മേടിക്കുന്നുണ്ട് എന്നായിരുന്നു ബാനർജിയുടെ മറുപടി. ബഹുരാഷ്ട്രകുത്തകകൾ അവരുടെ ലാഭമോഹങ്ങൾക്കുവേണ്ടി നിയമങ്ങളെ വളച്ചൊടിച്ച് പണമുണ്ടാക്കുന്നതിനെക്കുറിച്ചാണ് ബാനർജി

എഴുതുന്നത്. മറുപക്ഷത്തുനിന്ന് പണിയെടുത്തതുകൊണ്ടുതന്നെ ഈ കള്ളക്കളികൾ എനിക്ക് എല്ലാവരോടും തുറന്നുപറയണം. ഒരു ലിറ്റർ കോളയുണ്ടാക്കാൻ നാലുലിറ്റർ ശുദ്ധജലം ആവശ്യമുണ്ട്. മിക്കവാറും രാജ്യങ്ങളിൽ അതു സൗജന്യമായി ലഭിക്കും. 197 രാജ്യങ്ങളിൽ പരന്നുകിടക്കുന്ന കോള സാമ്രാജ്യത്തിനെതിരെ 2003ൽ മാത്രം ആയിരത്തിലധികം ഉപഭോക്തൃ പരാതികളാണ് തീർപ്പാക്കാൻ കിടന്നിരുന്നത്, ഇന്ത്യയിൽ.

കോളവിൽപ്പനയിൽ മാന്ദ്യവും ജനരോഷവുമുണ്ടായ ഒരവസരത്തിൽ സർക്കാരിനേയും മന്ത്രിമാരേയും മാധ്യമങ്ങളേയും കൈകാര്യം ചെയ്ത് ഒതുക്കുക എന്ന മിനിമം പരിപാടിയുമായി ഹോങ്കോങ്ങിൽ നിന്നും പറന്നിറങ്ങിയ കോള എക്സിക്യൂട്ടീവുകളെ അദ്ദേഹം ഓർക്കുന്നു. ദിവസങ്ങൾക്കുള്ളിൽ പ്രശ്നം പരിഹരിക്കുകയും വില്പന വീണ്ടും ഉഷാറാകുകയും ചെയ്തു. പുസ്തകത്തിന്റെ സിംഹഭാഗവും അപഹരിക്കുന്നത് കീടനാശിനി വിവാദവും പ്ലാച്ചിമട സംഭവവുമാണ്. പ്രാദേശിക നിയമങ്ങളും പൊതുജനാരോഗ്യവും കാറ്റിൽ പറത്തി മാർക്കറ്റിൽ നെടുനായകത്വം സ്ഥാപിച്ചെടുക്കാനുള്ള കോർപ്പറേറ്റ് ചതിക്കുഴികളെക്കുറിച്ച് പുസ്തകം വിശദമാക്കുന്നു. കമ്പനി രൂപീകരണം മുതൽ അശ്രദ്ധനായ ഉപഭോക്താവിന് മായം കലർന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതുവരെ നീണ്ടു കിടക്കുന്നു, ഈ വൃത്തികെട്ട മാനേജ്മെന്റ് നൈപുണ്യം.

## ഒക്ടോബർ 3 നദി ദിനം

**കേരള നദി സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ മീനച്ചിലാറിൽ, പാല സെൻറ് തോമസ് കോളേജിൽ ഈ വർഷത്തെ നദീവന്ദനം. ബന്ധങ്ങൾക്ക് : സുലൈമാൻ 9447937381.**


# മദ്യവിരുദ്ധ മഹിളാ മെമ്മോറിയൽ

കൊല്ലപ്പെടുകയോ കൊലയാളികളാക്കപ്പെടുകയോ ചെയ്യുന്ന സംസ്ക്കാരത്തിലേക്ക് കേരളം അധഃപതിക്കുന്നതിന് പ്രധാന കാരണമായ മദ്യവും മയക്കുമരുന്നിനുമെതിരെ ഗാന്ധിയൻ മാതൃകയിലുള്ള ശക്തമായ സ്ത്രീ മുന്നേറ്റം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് പ്രൊഫ. സാറാ ജോസഫ് അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യാനന്തര ഭാരതം ഗാന്ധിയൻ സമര മാതൃകകളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. പ്രാദേശിക മദ്യനിരോധന ജനാധികാരം പുനഃസ്ഥാപിക്കാൻ സത്യാഗ്രഹത്തിന്റേയും സഹനസമരത്തിന്റേയും തീവ്രമായ സമരമാർഗ്ഗം സ്വീകരിക്കാൻ സ്ത്രീ സമൂഹം രംഗത്തുവരണമെന്ന് സാറാ ജോസഫ് ആവശ്യപ്പെട്ടു.

ഒരു പ്രദേശത്ത് മദ്യഷാപ്പ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് അധികാരം നൽകുന്ന പഞ്ചായത്തിരാജ് -നഗരപാലിക നിയമങ്ങളിലെ 232, 447 വകുപ്പുകൾ പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സംഘടിപ്പിക്കുന്ന മദ്യവിരുദ്ധ മഹിളാ മെമ്മോറിയലിന്റെ സംസ്ഥാന തല ആലോചനാ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. സാറാ ജോസഫ്.

മദ്യവിരുദ്ധ മഹിളാ മെമ്മോറിയലിന്റെ ഭാഗമായി കേരളത്തിലെ പതിനഞ്ച് ലക്ഷം വനിതകളുടെ ഒപ്പ് ശേഖരിച്ച് സംസ്ഥാന ഭരണകൂടത്തിന് സമർപ്പിക്കാൻ തീരുമാനിച്ചു. ജില്ലാതലത്തിലും അസംബ്ലി നിയോജക മണ്ഡലം തലത്തിലും മഹിളാ മെമ്മോറിയൽ സമിതികൾ രൂപീകരിച്ച് വ്യാപകമായ പ്രചാരണവും സംഘടിപ്പിക്കും. കക്ഷിരാഷ്ട്രീയത്തിനും ജാതി - മത വിഭാഗീയതയും അതീതമായി സ്ത്രീ മുന്നേറ്റം സംഘടിപ്പിക്കാൻ യോഗം തീരുമാനിപ്പിച്ചു.

*എം. പീതാംബരൻ, ചെയർമാൻ*
*മദ്യവിരുദ്ധ സത്യാഗ്രഹ*
*ഐക്യദാർഢ്യ സമിതി*
*ഫോൺ : 9446401576*




ഗുരുവായൂരിലെ മാലിന്യം ഒഴുകിയെത്തുന്നത് തൈക്കാട് പഞ്ചായത്തിലെ ചക്കംകണ്ടത്താണ്.

## പുതിയ കാളിന്ദി പറയുന്നത്

ചക്കംകണ്ടം മാലിന്യപ്രശ്നം - ഡോക്യുമെന്ററി

*സംവിധാനം :*
**മുസ്തഫ ദേശമംഗലം**

*നിർമ്മാണം :* വിഷൽ സേർച്ച്

*ബന്ധങ്ങൾക്ക് :* **9447973717**


*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com